# പതിനാലാം കേരളനിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2861 13.03.2020 ൽ മറുപടിക്ക്

### റവന്യൂ വകുപ്പിലെ പണിമുടക്കിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ റവന്യൂ ഡിപ്പാർട്ട്മെന്റിലെ ഒരു വിഭാഗം ജീവനക്കാരുടെ സംഘടനയായ കെ.ആർ.ഡി.എസ്.എ. പണിമുടക്ക് നടത്തുവാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ; ഇവർ ഉന്നയിച്ച ആവശ്യങ്ങൾ ന്യായമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ കെ.ആർ.ഡി.എസ്.എ. യുടെ ആവശ്യങ്ങൾ നടപ്പിലാക്കുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) വില്ലേജ് ആഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുക, വില്ലേജ് ഓഫീസർമാർക്ക് സർക്കാർ നിശ്ചയിച്ച ശമ്പളം അനുവദിയ്ക്കുക, ദുരന്തനിവാരണങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഡെപ്യൂട്ടി കളക്ടർ ഉൾപ്പെടെ കൂടുതൽ ജീവനക്കാരെ നിയമിക്കുക, വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ അൻപത് ശതമാനം തസ്തികകൾ അപ് ഗ്രേഡ് ചെയ്യുക, താഴ്ന്ന വിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ ക്വാട്ട വർദ്ധിപ്പിക്കുക, തുടങ്ങിയ ആവശ്യങ്ങളായിരുന്നു കെ.ആർ.ഡി.എസ്.എ. പണിമുടക്കുന്നതിന് ആധാരമായി ഉന്നയിച്ചത്. മേൽ വിഷയങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) പ്രസ്തുത പണിമുടക്കിൽ വില്ലേജ് ഓഫീസുകൾ ഉൾപ്പെടെയുള്ളവ പൂർണ്ണമായും അടച്ചിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പണിമുടക്കിൽ പങ്കെടുത്ത് ജനങ്ങളെ ബുദ്ധിമുട്ടിച്ച ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ; | (ബി) ചില വില്ലേജ് ആഫീസുകൾ ഉൾപ്പെടെ റവന്യൂ ആഫീസുകൾ പൂർണ്ണമായും അടഞ്ഞ് കിടന്നിട്ടുണ്ട്. 18/02/2020 തീയതിയിലെ സ.ഉ.(കൈ)നം.66/2020/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പണിമുടക്കിയ ജീവനക്കാർക്ക് ആ ദിവസം ഡയസ്നോൺ ആയി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതാണ്. |
| (സി) പണിമുടക്കിൽ പങ്കെടുക്കാത്ത റവന്യൂ വകുപ്പിലെ മറ്റ് സംഘടനകളിൽ അംഗമായവർക്കെതിരെ സ്ഥലം മാറ്റം ഉൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**